©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 മാർച്ച് 6<br>6th March 2018<br>1193 കുംഭം 22<br>22nd Kumbham 1193<br>1939 ഫാൽഗുനം 15<br>15th Phalguna 1939 | നമ്പർ<br>No. 10 |

## PART III

# Ground Water Department

### ദർഘാസ് പരസ്യം

നമ്പർ ജി.എം.253/2017. 2018 ഫെബ്രുവരി 15.

ഭൂജല വകുപ്പ്, മലപ്പുറം ജില്ലാ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും താഴെ പറയുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

പൂരിപ്പിച്ച ദർഘാസുകൾ ജില്ലാ ഓഫീസർ, ജില്ലാ ഓഫീസറുടെ കാര്യാലയം, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ ദർഘാസ് നമ്പരും പേരും രേഖപ്പെടുത്തി മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. വൈകി എത്തുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാവുന്നതല്ല. 15-3-2018-ന് ഉച്ചയ്ക്ക് 1 മണിവരെ ദർഘാസ് ഫോറങ്ങൾ വിൽക്കുന്നതാണ്. പൂരിപ്പിച്ച ഫോറങ്ങൾ 15-3-2018-ന് ഉച്ചകഴിഞ്ഞ് 3 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകുന്നേരം 3.30 മണിക്ക് ഹാജരാകുന്ന കരാറുകാരുടെയോ അവരുടെ ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിച്ച് രേഖപ്പെടുത്തുന്നതുമാണ്.

കേരള സർക്കാരിന്റെ ` 200 വിലയുള്ള മുദ്രപത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

നിരതദ്രവ്യമായി ദർഘാസിൽ പറയുന്ന അടങ്കൽ തുകയുടെ രണ്ടര ശതമാനം ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ മലപ്പുറത്ത് മാറാവുന്നവിധം ഡിമാന്റ് ഡ്രാഫ്റ്റായി ദർഘാസിനോടൊപ്പം നൽകേണ്ടതാണ്. ദർഘാസ് ദിവസം അവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറക്കുന്നതാണ്.

ദർഘാസുകൾ റദ്ദു ചെയ്യുന്നതിനോ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം ജില്ലാ ഓഫീസറിൽ നിക്ഷിപ്തമാണ്. കേരള സർക്കാരിന്റെ ദർഘാസുകളെ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

ടെണ്ടർ നമ്പരും പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും—റ്റി. 39/2017-18—മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്തിലെ നൂൽ നൂൽപ്പ് കേന്ദ്രത്തിൽ ഭൂജല വകുപ്പ് നിർമ്മിച്ച നിലവിലുള്ള കുഴൽ കിണർ മുഖേന പമ്പിംഗ് സ്കീം നടപ്പിലാക്കുന്ന പ്രവൃത്തി—` 77,000.

നിരതദ്രവ്യം—` 2,000.

ദർഘാസ് ഫോറത്തിന്റെ വില—` 500 + നികുതി (ജി. എസ്. റ്റി.)

പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി—20 ദിവസം.

(ഒപ്പ്)
ജില്ലാ ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ജില്ലാ ഓഫീസറുടെ കാര്യാലയം,
മലപ്പുറം.

## പുനർ ദർഘാസ്/ലേല പരസ്യം

നമ്പർ ജി.ഡബ്ല്യു./കെ.കെ.ഡി./ടി(എസ്)-2511/2017.

2018 ഫെബ്രുവരി 5.

കേരള ഗവർണ്ണർക്കുവേണ്ടി ഭൂജല വകുപ്പ്, ജില്ലാ ഓഫീസർ, കോഴിക്കോട് താഴെ പറയുന്ന പ്രവൃത്തികൾക്കായി പരിചയ സമ്പന്നരായ കരാറുകാരിൽനിന്നും മുദ്രവച്ച മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

ദർഘാസ് നമ്പരും പ്രവൃത്തിയുടെ സ്വഭാവവും ഏകദേശ വിൽപ്പന വിലയും—06/2017-18—ഭൂജലവകുപ്പ്, കോഴിക്കോട് ജില്ലാ ഓഫീസിന്റെ ഉടമസ്ഥതയിൽ തൊണ്ടയാട് ജംഗ്ഷനുസമീപമുള്ള വർക്ക്ഷോപ്പ് ആന്റ് സ്റ്റോർ റിപ്പയർ ചെയ്ത് വാഹന പാർക്കിംഗിനും സ്റ്റോർ ആയും ഉപയോഗിക്കുന്നതിനുള്ള ആവശ്യാർത്ഥം സ്ഥലത്ത് ബിൽഡിംഗിനു സമീപത്തായി നിലവിലുള്ള 2 മഴമരങ്ങൾ (1. വാച്ചർ ഷെഡ്ഡിനുസമീപം, 2. മെയിൻ ബിൽഡിംഗിനോടു ചേർന്നുള്ളത്) മുറിച്ച് മാറ്റി നീക്കം ചെയ്യുന്ന പ്രവൃത്തി—` 62,104+18% GST for Timber + 5% FDT.

നിരതദ്രവ്യം—` 1,000.

ദർഘാസ് ഫോറത്തിന്റെ വില—` 500 + 12% ജി. എസ്. ടി.

പ്രവർത്തിയുടെ കാലാവധി—15 ദിവസം.

ടെണ്ടർ ഫോറങ്ങൾ ഭൂജല വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽനിന്നും 5-3-2018, 10 മണി മുതൽ 7-3-2018, പകൽ ഒരു മണിവരെ ലഭിക്കുന്നതാണ്. മുദ്രവച്ച ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി 7-3-2018, 3 മണിവരെ. ദർഘാസുകൾ അന്നേദിവസം പകൽ 3.30-ന് ഹാജരായ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. അവിചാരിതമായി ചില കാരണങ്ങളാൽ ടെണ്ടർ മാറ്റിവെയ്ക്കേണ്ടതുണ്ടെങ്കിൽ അതിന്റെ പൂർണ്ണ അധികാരം ജില്ലാ ആഫീസറിൽ നിക്ഷിപ്തമായിരിക്കും. വിശദവിവരങ്ങൾ ജില്ലാ ഓഫീസ്, ഭൂജലവകുപ്പ്, കോഴിക്കോടിൽ നിന്നും ലഭിക്കുന്നതാണ്.

ജില്ലാ ഓഫീസറുടെ കാര്യാലയം, (ഒപ്പ്)
സിവിൽ സ്റ്റേഷൻ, കോഴിക്കോട്. ജില്ലാ ഓഫീസർ.

---

## ദർഘാസ് പരസ്യം

നമ്പർ ജി.ഡബ്ല്യു.കെ./1347/2017. 2018 ഫെബ്രുവരി 16.

കേരള ഗവർണ്ണർക്കുവേണ്ടി ഭൂജല വകുപ്പ്, കാസർഗോഡ് ജില്ലാ ഓഫീസർ താഴെ പറയുന്ന പ്രവൃത്തികൾക്ക് പരിചയ സമ്പന്നരായ കരാറുകാരിൽനിന്നും മത്സരാടിസ്ഥാനത്തിലുള്ള പ്രവൃത്തിയുടെ പേരെഴുതി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പരും ജോലിയുടെ വിവരങ്ങളും അടങ്കൽ തുകയും | നിരത ദ്രവ്യം ` |
|---|---|---|
| (1) | (2) | (3) |
| 1 | 51/2017-18—കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം—` 4,76,700 | 11,950 |
| 2 | 52/2017-18—കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ 2 സ്ഥലങ്ങളിൽ മിനി കുടിവെള്ള പദ്ധതി നിർമ്മാണം—` 4,00,000 | 10,000 |
| 3 | 53/2017-18—കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ 2 സ്ഥലങ്ങളിൽ മിനി കുടിവെള്ള പദ്ധതി നിർമ്മാണം—` 4,00,000 | 10,000 |
| 4 | 54/2017-18—കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ 2 സ്ഥലങ്ങളിൽ മിനി കുടിവെള്ള പദ്ധതി നിർമ്മാണം—` 4,00,000 | 10,000 |
| 5 | 55/2017-18—കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ 3 സ്ഥലങ്ങളിൽ മിനി കുടിവെള്ള പദ്ധതി നിർമ്മാണം—` 4,20,000 | 10,500 |
| 6 | 56/2017-18—എം. എൽ.എ. മാരുടെ പ്രത്യേക വികസന നിധി ചെങ്കള ഗ്രാമ പഞ്ചായത്തിലെ പാടി വിദ്യാരണ്യ എ.എൽ.പി. സ്കൂളിന് സമീപം കുഴൽ കിണർ നിർമ്മിച്ച് പമ്പ് ഇറക്കൽ—` 1,50,000 | 3,750 |
| 7 | 57/2017-18—കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ 3 സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം—` 2,02,350 | 5,100 |
| 8 | 58/2017-18—പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ സി-മെറ്റ് നഴ്സിംഗ് കോളേജിൽ കുഴൽ കിണർ നിർമ്മിച്ച് പമ്പ് ഇറക്കൽ—` 1,50,000 | 3,750 |
| 9 | 59/2017-18—കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കൈപ്പമ്പ് അറ്റകുറ്റ പ്രവൃത്തി—` 2,26,350 | 5,700 |

ദർഘാസ് ഫോറത്തിന്റെ വില—ക്രമ നമ്പർ 1-ന് ` 1,000 + 12% ജി.എസ്.റ്റി., ക്രമ നമ്പർ 2 മുതൽ 4 വരെ ` 800 + 12% ജി.എസ്.റ്റി., ക്രമ നമ്പർ 5-ന് ` 900 + 12% ജി.എസ്.റ്റി., ക്രമ നമ്പർ 6 മുതൽ 9 വരെ ` 500 + 12% ജി.എസ്.റ്റി.

ദർഘാസ് ഫോറം നൽകിത്തുടങ്ങുന്ന തീയതിയും സമയവും—1-3-2018, 10 മണിമുതൽ.

ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന തീയതിയും സമയവും—7-3-2018, 3 മണി വരെ.

ദർഘാസ് സ്വീകരിക്കുന്ന തീയതിയും സമയവും—8-3-2018, 4 മണിവരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—9-3-2018, 3 മണി.

ജോലി ചെയ്തുതീർക്കേണ്ട കാലാവധി—ക്രമ നമ്പർ 1-ന് 2018 മാർച്ച് 31-ന് മുമ്പ്, ക്രമ നമ്പർ 2-ന് 2019 മാർച്ച് 31-ന് മുമ്പ്, ക്രമ നമ്പർ 3-ന് 2020 മാർച്ച് 31-ന് മുമ്പ്, ക്രമ നമ്പർ 4-ന് 2021 മാർച്ച് 31-ന് മുമ്പ്, ക്രമ നമ്പർ 5-ന് 2022 മാർച്ച് 31-ന് മുമ്പ് ക്രമ നമ്പർ 6-ന് 2024 മാർച്ച് 31-ന് മുമ്പ്, ക്രമ നമ്പർ 7-ന് 2025 മാർച്ച് 31-ന് മുമ്പ്, ക്രമ നമ്പർ 8-ന് 2026 മാർച്ച് 31-ന് മുമ്പ്, ക്രമ നമ്പർ 9-ന് 2027 മാർച്ച് 31-ന് മുമ്പ്.

### മറ്റ് വ്യവസ്ഥകൾ

1. പൂരിപ്പിച്ച ദർഘാസുകൾ ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, വിദ്യാനഗർ, കാസർഗോഡ് എന്ന വിലാസത്തിൽ മുകളിൽ സൂചിപ്പിച്ച സമയത്തിനുമുമ്പ് ലഭിക്കേണ്ടതാണ്.

2. പ്രവൃത്തി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ വിദ്യാനഗറിലുള്ള ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

3. സർക്കാർ ടെണ്ടറുകളെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

4. ടെണ്ടർ റദ്ദാക്കുന്നതുൾപ്പെടെയുള്ള തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

5. ദർഘാസ് തുറക്കുന്ന ദിവസം ഒഴിവ് ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽപ്പറഞ്ഞ അതേ സമയത്തുതന്നെ ദർഘാസുകൾ തുറക്കുന്നതായിരിക്കും.

ജില്ലാ ആഫീസ്, (ഒപ്പ്)
കാസർഗോഡ്. ജില്ലാ ഓഫീസർ.